**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2015** **01-09-2022 - ൽ മറുപടിയ്ക്ക്**

**മിഠായിത്തെരുവിൽ കലാപരിപാടികൾക്ക് വിലക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കോഴിക്കോട് മിഠായിത്തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്ന തെരുവ് കലാകാരന്മാരെ പ്രസ്തുത തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിൽ നിന്നും പോലീസ് വിലക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് മിഠായിതെരുവിൽ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും മുൻകൂർ അനുമതിയില്ലാതെ പരിപാടികൾ അവതരിപ്പിക്കുന്നത് പോലീസ് വിലക്കിയിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ തെരുവുകളിൽ കലാപരിപാടികൾ അവതരിപ്പിച്ച് ഉപജീവനം നടത്തിയിരുന്നവരും അവരുടെ കുടുംബാംഗങ്ങളും പോലീസുകാരുടെ പ്രസ്തുത നടപടിമൂലം പ്രതിസന്ധിയിലായത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) | അത്തരത്തിലുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് ആരാണ് അനുമതി നൽകേണ്ടത്; എങ്കിൽ മേൽപ്പറഞ്ഞ കലാകാരന്മാർക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ? | (സി) | തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനാണ് അനുമതി നൽകുന്നത്. എന്നാൽ വളരെ തിരക്കേറിയതും ഇടുങ്ങിയ റോഡുള്ളതുമായ സ്ഥലങ്ങളിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ അനുമതി നൽകാറില്ല. തെരുവിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നവർക്ക് കോഴിക്കോട് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം കലാപരിപാടി അവതരിപ്പിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ